II ഇ.ബി. XIII- കേരള നിയമസഭ/XI- 13

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജൂൺ 25, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**42(*361) <u>ആയൂർവേദമരുന്നുകളുടെ ഗുണനിലവാരം</u>**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി.എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, കേന്ദ്ര സർക്കാർ പുറത്തിറക്കിയിട്ടുള്ള ആയൂർവേദ ഫാർമകോപ്പിയ ഇന്ത്യ, ആയൂർവേദ ഫോർമുലറി ഓഫ് ഇന്ത്യ എന്നീ പുസ്തകങ്ങളെ അടിസ്ഥാനമാക്കി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലെ ആയുഷ് ഡിപ്പാർട്ട്മെന്റ് പ്രസിദ്ധീകരിച്ച ടെസ്റ്റിംഗ് പ്രോട്ടോക്കാൾ ഫോർ ആയൂർവേദ, സിദ്ധ, യൂനാനി ഡ്രഗ്സ് എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ആയൂർവേദ ഔഷധങ്ങളുടെ ഗുണനിലവാര നിർണ്ണയം നടത്തുന്നതെന്ന് സഭയെ അറിയിച്ചു. ഇതിന്റെയടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ ആയൂർവേദ വിഭാഗത്തിലും ആയുഷ് അംഗീകരിച്ച സ്വകാര്യ ലാബുകളിലും പരിശോധനകൾ നടത്തുന്നുണ്ട്. വിൽപ്പനയ്ക്കായി സൂക്ഷിച്ചിരിക്കുന്ന മരുന്നുകൾ ലൈസൻസുള്ള ഔഷധ നിർമ്മാണ കമ്പനികൾ നിർമ്മിച്ച് വിതരണം ചെയ്തതായിരിക്കണമെന്ന നിയമത്തിന്റെ

അടിസ്ഥാനത്തിൽ അവ വിൽപ്പനയ്ക്ക് സൂക്ഷിക്കുന്നതിന് പ്രത്യേക ലൈസൻസ് ഏർപ്പെടുത്തിയിട്ടില്ല. മദ്യവിൽപ്പനശാലകളുടെമേൽ നിയന്ത്രണം ഏർപ്പെടുത്തിയശേഷം സംസ്ഥാനത്ത് അരിഷ്ട വിൽപ്പന വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടതിന്റെയടിസ്ഥാനത്തിൽ വ്യാജ അരിഷ്ട വിൽപ്പന തടയുന്നതിന് ഡ്രഗ് ഇൻസ്പെക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജില്ലകൾതോറും നടത്തിയ റെയ്ഡിൽ ആറ്റിങ്ങൽ, കരുനാഗപ്പള്ളി, ഉമയനല്ലൂർ, നെയ്യാറ്റിൻകര, കുന്നിക്കോട്, തൃശ്ശൂർ ജില്ലയിലെ വില്പ കേന്ദ്രങ്ങൾ എന്നിവ പരിശോധിച്ച് സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും 5 ഔഷധശാലകൾക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുകയും വ്യാജ അരിഷ്ടം നിർമ്മിച്ച് വിതരണം ചെയ്യുന്നതിനെതിരെ നിയമ നടപടികൾ സ്വീകരിക്കുമെന്ന് വാർത്താ മാധ്യമങ്ങളിലൂടെ മുന്നറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. അനുവദനീയമായ അളവിൽക്കൂടുതൽ അരിഷ്ടം നിർമ്മിക്കുന്നതും ആൽക്കഹോൾ ചേർക്കുന്നതുമായ ചികിത്സാ കേന്ദ്രങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് ലൈസൻസ് നൽകിയിട്ടുള്ള 691 ഔഷധ നിർമ്മാണശാലകൾക്ക് പുറമെ പുതിയ മരുന്നുകൾ ഉത്പാദിപ്പിക്കുന്ന കമ്പനികൾ അവയുടെ ക്ലിനിക്കൽ ട്രയൽ നടത്തി ഗുണനിലവാരം ഉറപ്പാക്കണമെന്ന നിബന്ധന വയ്ക്കുകയും അപ്രകാരം പ്രവർത്തിക്കാത്ത കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുന്നതുമാണ്. അന്യസംസ്ഥാനങ്ങളിൽ നിർമ്മിച്ച് സംസ്ഥാനത്ത് വിൽക്കുന്ന മരുന്നുകളുടെ ഗുണനിലവാരം സംബന്ധിച്ച് പരിശോധന നടത്തുന്നതിന് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകളിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതാണ്. പാരമ്പര്യ ഗ്രന്ഥങ്ങളിൽ അനുശാസിക്കുന്ന ചികിത്സാ വിധികൾ

ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നതും ഔഷധ സസ്യ ബോർഡിന്റെ നേതൃത്വത്തിൽ സ്കൂളുകളിലും മറ്റും ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതി ഉടൻതന്നെ ആരംഭിക്കുന്നതുമാണ്. അമിതമായി പരസ്യം നൽകി മരുന്നുവിൽപ്പന പ്രോത്സാഹിപ്പിക്കുന്നതിനെതിരെ 1954–ലെ ഡ്രഗ്സ് & മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ്സ്) ആക്ട് പ്രകാരം ക്രിമിനൽ കേസ്സുൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതും ഇതിന്റെ ഭാഗമായി 105 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. നിയമവിരുദ്ധമായി നടത്തുന്ന ഉഴിച്ചിൽ കേന്ദ്രങ്ങൾക്കെതിരെ ആഭ്യന്തര വകുപ്പിന്റെ സഹകരണത്തോടെ നടപടി സ്വീകരിക്കുന്നതാണ്. സർക്കാർ ആശുപത്രികളിലും ഡിസ്പെൻസറികളിലും ഔഷധിയിൽനിന്നും വാങ്ങുന്ന മരുന്നുകൾ എത്തിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണെന്നും ആയൂർവ്വേദ മരുന്നുകൾക്ക് വില നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**43(*362)** "നൈപുണ്യം സമ്മിറ്റ്"

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) നൽകിയ മറുപടിയിൽ, ആധുനിക മേഖലകളിൽ ഉരുത്തിരിയുന്ന വിവിധ നൂതന തൊഴിൽ മേഖലകളിലേയ്ക്ക് ശാസ്ത്രീയമായി തീവ്രപരിശീലനം നൽകി അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകുക എന്ന ഉദ്ദേശത്തോടെ തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2014 ജനുവരി 20, 21 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നൈപുണ്യം സമ്മിറ്റ് സംഘടിപ്പിക്കുകയുണ്ടായി എന്ന്

സഭയെ അറിയിച്ചു. 2022–ൽ 500 ദശലക്ഷം യുവാക്കൾക്ക് തൊഴിൽ വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ രൂപപ്പെടുത്തിയ National Skill Mission Policy യുടെ ഭാഗമായാണ് International Skill Summit സംഘടിപ്പിച്ചത്. ഇതിന്റെ ഭാഗമായി വ്യവസായ പങ്കാളികളുമായി ചേർന്ന് നിർമ്മാണം, സുരക്ഷ, ആരോഗ്യ ശുശ്രൂഷ, വ്യോമയാനം, ഓട്ടോമൊബൈൽ, ഹൈടെക് ഓട്ടോമേഷൻ, റീട്ടെയ്ൽ, ടൂറിസം, ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിൽ പരിശീലനവും തൊഴിലും ഉറപ്പു നൽകുന്ന അന്താരാഷ്ട്രതലത്തിൽ വൈദഗ്ദ്ധ്യമുള്ള പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെയും തൊഴിൽ പരിശീലകരുടെയും പാഠ്യപദ്ധതികളുടെയും ഗുണമേന്മ വർദ്ധിപ്പിക്കുക, അവശ്യമേഖലകളിൽ നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അതിവിദഗ്ദ്ധ പരിശീലനം നൽകി അംഗീകൃതമേഖലകളിൽ വിദഗ്ദ്ധ പരിശീലനം ലഭ്യമായ വ്യക്തികളുടെ എണ്ണം വർദ്ധിപ്പിക്കുക എന്നീ ഉദ്യമങ്ങൾ മുന്നിൽ കണ്ടുകൊണ്ട് താൽപര്യമുള്ള സ്ഥാപനങ്ങൾ സമർപ്പിച്ചിരിക്കുന്ന പ്രോജക്ടുകൾ വിലയിരുത്തി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതുവഴി രാജ്യാന്തര നിലവാരത്തിൽ തൊഴിൽ വൈദഗ്ദ്ധ്യമുള്ള യുവാക്കളെ സൃഷ്ടിക്കുവാൻ സാധിക്കും. 19 വ്യത്യസ്ത മേഖലകളിൽ നിന്നും 163 Expression of Interest (EoI) ലഭ്യമായിട്ടുണ്ട്. ഓരോ മേഖലകളിലും മികവിന്റെ വ്യത്യസ്ത കേന്ദ്രങ്ങൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. പദ്ധതികളുടെ വിദഗ്ദ്ധ പരിശോധനയ്ക്കും വിലയിരുത്തലിനുമായി ടെക്നിക്കൽ കമ്മിറ്റിയെയും എംപവേർഡ് കമ്മിറ്റിയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അവസാനഘട്ട നടപടികൾ

പൂർത്തിയായി വരുന്നു. ഇന്റർനാഷണൽ പ്ലേസ്മെന്റിനുള്ള സാധ്യത ഉറപ്പുവരുത്തുന്ന ഈ പദ്ധതിയുടെ പ്രധാന ഭാഗം അങ്കമാലിയിലും ബാക്കിയുള്ളവ മേഖലകളുടെ പ്രാധാന്യം അനുസരിച്ച് സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിലും ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. പ്ലേസ്മെന്റ് നടത്തുന്നതിന് ഒഡേപെക്-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മുൻകൂറായി അടിസ്ഥാന സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് അന്താരാഷ്ട്ര നിലവാരത്തോടെയുള്ള ഐ.ടി.ഐ.-കൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ഐ.ടി.ഐ.-കൾ നടത്തുന്ന കോഴ്സുകൾക്ക് പി.എസ്.സി. അംഗീകാരം ലഭ്യമാക്കുന്നതിന് ശുപാർശ ചെയ്യുന്നതും ഉറുദു മീഡിയം ഐ.ടി.ഐ.-കൾ ആരംഭിക്കുന്ന കാര്യത്തിൽ ആലോചിച്ച് തീരുമാനമെടുക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

44(*363) <u>ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ</u>

പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ) നൽകിയ മറുപടിയിൽ, ഐക്യരാഷ്ട്ര സഭയുടെ 'മില്ലെനിയം ഡെവലപ്പ്മെന്റ് ഗോൾ' തത്വങ്ങൾ അടിസ്ഥാനമാക്കി അന്താരാഷ്ട്ര വിനോദസഞ്ചാര സംഘടന (UNWTO) നൽകി വരുന്ന 2013-ലെ യുളീസസ് പുരസ്ക്കാരം 'ഇന്നവേഷൻ ഇൻ പബ്ലിക് പോളിസി ആന്റ് ഗവേണൻസ്' വിഭാഗത്തിൽ കുമരകത്ത് നടപ്പിലാക്കിവരുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് ലഭിക്കുകയുണ്ടായെന്ന് സഭയെ അറിയിച്ചു. പൊതുമേഖല/പൊതു-സ്വകാര്യ പങ്കാളിത്തം മുഖേന ടൂറിസം ഗവേണൻസിൽ നൂതനമായ ആശയങ്ങൾ രൂപകല്പന ചെയ്യുന്നതിനും

വിവിധ ടൂറിസം സ്റ്റേക്ഹോൾഡർമാരെ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുമായാണ് പ്രസ്തുത പുരസ്ക്കാരം ഏർപ്പെടുത്തിയിട്ടുള്ളത്. കുമരകത്ത് നടപ്പിലാക്കിയ ഈ മാതൃക തെരഞ്ഞെടുക്കപ്പെട്ട ആറ് ഉത്തരവാദിത്ത ടൂറിസം മേഖലകളിലും മറ്റ് 114 തദ്ദേശഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിനോദ സഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുകയെന്ന ഉദ്ദേശത്തോടെ ഈ മേഖലയിലെ ഗൈഡുകൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. വിസാ ഓൺ അറൈവൽ സംവിധാനം 42 രാജ്യങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിനോദ സഞ്ചാര മേഖലയിലുള്ള പ്രാധാന്യം കണക്കിലെടുത്ത് തൃശ്ശൂർ ജില്ലയ്ക്കുവേണ്ടി സ്പെഷ്യൽ പാക്കേജ് രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതോടൊപ്പം ഹോംസ്റ്റേകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനത്തിൽ അപാകതകളുണ്ടങ്കിൽ പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

45 (*364) <u>ശബരിമല തീർത്ഥാടനാർത്ഥമുള്ള മുന്നൊരുക്കങ്ങൾ</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, അടുത്ത ശബരിമല തീർത്ഥാടനത്തിന്റെ ഭാഗമായി പമ്പയിൽ നിന്നും തീർത്ഥാടകരെ നിയന്ത്രിച്ച് സന്നിധാനത്തേയ്ക്ക് കടത്തി വിടുന്നതിനു പുറമേ മരക്കൂട്ടം, ശരംകുത്തി, വലിയ നടപന്തൽ എന്നീ സ്ഥലങ്ങളിൽ തിരക്കു നിയന്ത്രിച്ച് സുഗമമായ ദർശനം നൽകുന്നതിനുള്ള ക്രമീകരണങ്ങൾ

ചെയ്തുവരുന്നതായി സഭയെ അറിയിച്ചു. തീർത്ഥാടനം കൂടുതൽ സൗകര്യ പ്രദമാക്കുന്നതിന്റെ ഭാഗമായി മരക്കൂട്ടത്ത് അയ്യപ്പൻമാരെ ഉൾക്കൊള്ളാൻ കഴിയുന്ന ഷെൽട്ടറുകൾ നിർമ്മിച്ചിട്ടുണ്ട്. വനം വകുപ്പ്, മലിനീകരണ നിയ ന്ത്രണ ബോർഡ്, ഇലക്ട്രിസിറ്റി ബോർഡ് തുടങ്ങി ശബരിമലയുമായി ബന്ധ പ്പെട്ട് പ്രവർത്തിക്കുന്ന വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ അംഗങ്ങളായ ഹൈപവർ കമ്മിറ്റിയുടെ നേതൃത്വത്തിൽ ശബരിമലയിലെ വികസന പദ്ധതി കൾ ഏറ്റെടുത്തു നടപ്പാക്കുന്നുണ്ട്. ശബരിമലയിൽ 2050 വരെയുള്ള വിക സനം ലക്ഷ്യമാക്കി തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാനിൽ വിഭാവന ചെയ്തത നുസരിച്ച് മരക്കൂട്ടം മുതൽ ശരംകുത്തിവഴി സന്നിധാനം വരെയുള്ള സ്ഥലങ്ങ ളിൽ ക്യൂ കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനും അവയിൽ തീർത്ഥാടകർക്ക് കുടിവെള്ളം, ടോയ്‌ലറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തു ന്നതിനും ടെൻഡർ ക്ഷണിച്ചുകഴിഞ്ഞു. ക്യൂ കോംപ്ലക്സിലെ സൗകര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും സന്നിധാനത്തെ ക്യൂ സംവിധാനം മെച്ച പ്പെടുത്തുന്നതിനുമായി ചീഫ് സെക്രട്ടറി തലത്തിൽ ഉന്നതതലയോഗം വിളിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. തീർത്ഥാടന പാതയിൽ സ്വാമി അയ്യപ്പൻ റോഡ്, ചന്ദ്രാനന്ദൻ റോഡ് എന്നിവയിൽ ആധുനിക രീതിയിലുള്ള ബയോ ടോയ്‌ലറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ശബരിമലയിലും പമ്പയിലും പുതിയ ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്. നിലയ്ക്കലിൽ തീർത്ഥാട കരുടെ വാഹന പാർക്കിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി രണ്ട് പാർക്കിംഗ് ഗ്രൗണ്ടുകൾ, എൻട്രി എക്സിറ്റ് റോഡ് എന്നിവ ഒരുക്കുന്നു ണ്ട്. തീർത്ഥാടന മേഖലയിൽ പ്രകൃതി സംരക്ഷണം തുടങ്ങി ശബരിമലയ്ക്ക് ഉതകുന്നതും സുഗമമായ തീർത്ഥാടനത്തിന് അനുയോജ്യമായതുമായ

പദ്ധതികൾ നടപ്പിലാക്കി വരുന്നതുകൂടാതെ സ്വീവേജ് മാലിന്യം നിർമ്മാർജ്ജനം ചെയ്യുവാനും പ്രകൃതി സംരക്ഷണം ഉറപ്പുവരുത്തുന്നതിനുമായി 5 എം.എൽ.ഡി. യുടെ ഒരു മാലിന്യ സംസ്കരണ യൂണിറ്റിന്റെ നിർമ്മാണവും നടന്നുവരുന്നു. ശബരിമലയ്ക്കുവേണ്ടി സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ള 65 കോടി രൂപയിൽ 52.5 കോടി രൂപ റിലീസ് ചെയ്തതായി ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3961 മുതൽ 4287 വരെയുള്ള ചോദ്യങ്ങളിൽ 91 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)